കെ.എസ്.ആർ.ടി.സി. നൽകാനുള്ള നഷ്ടപരിഹാരം

115 [3124] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. സ്റ്റീഫൻ ജോർജ്ജ്:
,, തോമസ് ഉണ്ണിയാടൻ
,, ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രൈബ്യൂണലിന്റെ വിധിയിൻമേൽ ട്രാൻസ്പോർട്ട് കോർപ്പറേഷൻ എത്ര കോടി രൂപ വിവിധ ജില്ലകളിലായി നഷ്ടപരിഹാരം നൽകാനുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ നൽകുമോ;

(ബി) ഇപ്രകാരം നഷ്ടപരിഹാര തുക നൽകാത്തതുമൂലം കെ.എസ്.ആർ.ടി.സി. വക ബസ്സുകൾ ജപ്തി ചെയ്യുന്നുണ്ടെന്ന് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതൊഴിവാക്കാനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ഡി) കെ.എസ്.ആർ.ടി.സി.-യുമായി ബന്ധപ്പെടുന്ന എം.എ.സി.ടി. കേസ്സുകൾ പരമാവധി അദാലത്തുവഴി തീർപ്പുകൽപ്പിക്കാൻ ഉതകുന്ന വിധത്തിലുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മൊത്തം 17,01,94,000 രൂപ നൽകാനുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.†

(ബി) ഉണ്ട്.

(സി) ഇ.പി. ആകുന്ന കേസ്സുകളിൽ നഷ്ടപരിഹാരത്തുക കെട്ടിവച്ചു ജപ്തി നടപടി ഒഴിവാക്കാൻ സാമ്പത്തിക സ്ഥിതി അനുവദിക്കുന്നിടത്തോളം പരമാവധി ശ്രമിക്കുന്നുണ്ട്.

(ഡി) ഇക്കാര്യം പരിഗണിക്കുന്നതാണ്.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly